**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 92** **19-09-2025 - ൽ മറുപടിയ്ക്ക്**

**ക്ഷേമനിധി ബോർഡുകൾ വഴിയുള്ള ആനുകൂല്യങ്ങളുടെ വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ , ശ്രീ. യു. എ. ലത്തീഫ്, ശ്രീ. പി. അബ്ദുൽ ഹമീദ്, ശ്രീ. എൻ. ഷംസുദ്ദീൻ** | | **ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | വിവിധ ക്ഷേമനിധി ബോർഡുകൾ വഴിയുള്ള പെൻഷനും മറ്റാനുകൂല്യങ്ങളും വിതരണം ചെയ്യുന്നതിൽ കുടിശിക വന്നിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (എ) | സംസ്ഥാനത്ത് വിവിധ വകുപ്പുകളിലായി ആകെ 33 ക്ഷേമനിധികൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ തൊഴിൽ വകുപ്പിന് കീഴിൽ 16 ക്ഷേമനിധി ബോർഡുകളാണ് പ്രവർത്തിച്ച വരുന്നത്. ആയതിൽ പൂർണമായും തനതു ഫണ്ടുപയോഗിച്ച പ്രവർത്തിക്കുന്ന ബോർഡുകളും സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്ന ബോർഡുകളുമുണ്ട്. തനതു ഫണ്ടുപയോഗിച്ച പെൻഷൻ വിതരണം ചെയ്യുന്ന ബോർഡുകളായ കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കള്ളു വ്യവസായ തൊഴിലാളി ക്ഷേമനിധിബോർഡ്, കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള പീടിക തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചുമട്ട തൊഴിലാളി ക്ഷേമനിധി ബോർഡ് (സ്കാറ്റേർഡ് ഒഴികെ) നാളിതുവരെയുള്ള പെൻഷൻ സമയബന്ധിതമായി വിതരണം ചെയ്തിട്ടുണ്ട്. സർക്കാർ ഗ്രാന്റുപയോഗിച്ച പെൻഷൻ വിതരണം ചെയ്യുന്ന ബോർഡുകളുടെയും മറ്റ വിവിധ വകുപ്പുകളുടെ കീഴിൽ പ്രവർത്തിക്കുന്ന 17 ക്ഷേമനിധി ബോർഡുകളുടെ പെൻഷനും മറ്റാനുകൂല്യങ്ങളുടെയും കുടിശ്ശിക സംബന്ധിച്ച വിവരം അനുബന്ധം 1-ൽ ചേർക്കുന്നു. |
| (ബി) | അംഗങ്ങളിൽ നിന്ന് അംശദായവും സർക്കാർ സഹായവും സ്വീകരിച്ച് പ്രവർത്തിക്കുന്ന ക്ഷേമനിധി ബോർഡുകൾ കൃത്യമായി പെൻഷൻ വിതരണം ചെയ്യാത്തതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; | (ബി) | തനതു ഫണ്ടുപയോഗിച്ച പെൻഷൻ നൽകി വരുന്ന കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്, കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്, മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, പീടിക തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചുമട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ് (സ്കാറ്റേർഡ് വിഭാഗം ഒഴികെയുള്ളവർക്ക്) എന്നീ ബോർഡുകളിൽ നാളിതുവരെയുള്ള പെൻഷൻ വിതരണം സമയബന്ധിതമായി വിതരണം ചെയ്തിട്ടുണ്ട്. |

തൊഴിലാളി-തൊഴിലുടമ നൽകിവരുന്ന അംശദായത്തിൽ നിന്നും സ്ഥിരനിക്ഷേപങ്ങളിന്മേൽ ലഭിക്കുന്ന പലിശയിൽനിന്നുമാണ് ക്ഷേമനിധി ബോർഡുകൾ വരുമാനം കണ്ടെത്തുന്നതും ഗുണഭോക്താക്കളുടെ പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകി വരുന്നതും. ക്ഷേമനിധി ബോർഡുകളിൽ രജിസ്റ്റർ ചെയ്യുന്ന, അസംഘടിത-പരമ്പരാഗത മേഖലയിൽ ഏർപ്പെട്ടിരിക്കുന്ന അംഗങ്ങളുടെ എണ്ണത്തിൽ വന്ന ഇടിവും പെൻഷൻകാരുടെ വർധനവും പരമ്പരാഗത തൊഴിൽ മേഖലകളായ കൈത്തറി, കള്ള് ചെത്ത്, ഈറ്റ, കശുവണ്ടി, ബീഡി പോലെയുള്ള വ്യവസായങ്ങൾ നേരിടുന്ന പ്രതിസന്ധിയും, ബോർഡുകളുടെ വരുമാന മാർഗ്ഗം കുറയുന്നതിന് കാരണമായി. ടി താത്കാലിക പ്രതിസന്ധി മറികടക്കുന്നതിനായി സാമ്പത്തിക പ്രതിസന്ധി നേരിടുന്ന ബോർഡുകളായ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കശുവണ്ടി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള അസംഘടിത തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ബീഡി-ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡ് (സ്കാറ്റേർഡ്), കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്, എന്നിവിടങ്ങളിലെ പെൻഷൻ സോഷ്യൽ സെക്യൂരിറ്റി ലിമിറ്റഡ് മുഖേന സർക്കാർ ഏറ്റെടുത്ത് വിതരണം ചെയ്യുന്നു. ടി ബോർഡുകളിൽ 2025 ഓഗസ്റ്റ് മാസത്തെ പെൻഷൻ കുടിശ്ശികയാണ് .കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡിലെ വരിക്കാരായ തൊഴിലാളികൾക്ക് പെൻഷൻ പദ്ധതി ആവിഷ്കരിച്ചിട്ടില്ല. ബോർഡിന്റെ വെബ് സൈറ്റ് മുഖേന ലഭിക്കുന്ന അപേക്ഷകളിൽ അപാകത ഇല്ലാത്തവർക്ക് എത്രയും വേഗം തന്നെ ആനുകൂല്യങ്ങൾ നൽകി വരുന്നുണ്ട്.

പൂർണ്ണമായും തനതു ഫണ്ടിൽ പ്രവർത്തിക്കുന്ന കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിന്റെ പ്രധാന വരുമാനം തൊഴിലാളികളുടെ അംശാദായത്തിലൂടെയും ബിൽഡിംഗ് സെസ്സ് പിരിവിലൂടെയുമാണ് ലഭിക്കുന്നത്. തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പിന്റെ 14.02.2024 ലെ സ.ഉ(കൈ)നം. 23/2024/എൽ.എസ്.ജി. ഡി ഉത്തരവ് (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു) പ്രകാരം ബിൽഡിംഗ് സെസ്സ് പിരിവിന്റെ ചുമതല തദ്ദേശ സ്വയം ഭരണ വകുപ്പിന് നൽകിയിട്ടുണ്ട്. ഒരുമാസം

| | | | |
|---|---|---|---|
| | | | പെൻഷൻ വിതരണത്തിന് മാത്രം ഏകദേശം 62 കോടി രൂപയും മറ്റാനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് ഏകദേശം 10 കോടി രൂപയുമടക്കം 72 കോടി രൂപ ബോർഡിന് പ്രതിമാസം വേണ്ടിവരുന്നതാണ്. ആയതിനാൽ സെസ് പിരിവിലൂടെ ബോർഡിന്റെ വരുമാനത്തിൽ കാലക്രമേണ വർദ്ധനവുണ്ടാകുന്നതും അതിനാൽ തന്നെ പെൻഷൻ അടക്കമുള്ള ആനുകൂല്യങ്ങൾ സമയബന്ധിതമായി വിതരണം ചെയ്യാൻ സാധിക്കുന്നതുമാണ്.<br><br>കൂടാതെ, തൊഴിൽ വകുപ്പിന് കീഴിലുള്ള 16 ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും അംഗങ്ങളുടെ വിവരശേഖരണത്തിനും ഇരട്ട അംഗത്വം ഒഴിവാക്കുന്നതിനും രൂപീകരിച്ചിട്ടുള്ള അഡ്വാൻസ്ഡ് ഇൻഫർമേഷൻ ഇന്റർഫേസ് സിസ്റ്റം സോഫ്റ്റ്‌വെയർ അഥവാ AIIS സോഫ്റ്റ്‌വെയർ മുഖേനെ ആധാർ അധിഷ്ഠിത രജിസ്ട്രേഷൻ നടപ്പാക്കി വരുന്നതിനാൽ ഇരട്ട അംഗത്വം ഒഴിവാകാൻ സാധിക്കുന്നതും അതിലൂടെ അനർഹരെ ഒഴിവാക്കാൻ കഴിയുന്നതും ബോർഡുകളിലൂടെ നൽകി വരുന്ന ആനുകൂല്യ വിതരണം കൂടുതൽ കാര്യക്ഷമമാകുവാനും സാധിക്കുന്നതാണ്. അതിനോടൊപ്പം ബോർഡിലെ അംഗത്വ രജിസ്ട്രേഷൻ വർധിപ്പിക്കുന്നതിനായി മേഖല ഓഫീസ് അടിസ്ഥാനത്തിൽ മെമ്പർഷിപ്പ് ഡ്രൈവുകളും നടത്തി വരുന്നു.<br><br>മറ്റു വിവിധ വകുപ്പുകളുടെ കീഴിൽ പ്രവർത്തിക്കുന്ന 17 ക്ഷേമനിധി ബോർഡുകളെ സംബന്ധിച്ച വിവരം അനുബന്ധം 2 -ൽ ചേർക്കുന്നു. |
| (സി) | ക്ഷേമനിധി ബോർഡുകൾ വഴിയുള്ള പെൻഷനും മറ്റ് ആനുകൂല്യങ്ങളും തടസ്സം കൂടാതെ വിതരണം ചെയ്യുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ; വിശദവിവരം നൽകാമോ? | (സി) | തനതു ഫണ്ടുപയോഗിച്ച് പെൻഷൻ നൽകി വരുന്ന കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്, കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്, മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, പീടിക തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചുമട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ് (സ്കാറ്റേർഡ് വിഭാഗം ഒഴികെയുള്ളവർക്ക്) എന്നീ ബോർഡുകളിൽ നാളിതുവരെയുള്ള പെൻഷൻ വിതരണം സമയബന്ധിതമായി വിതരണം ചെയ്തിട്ടുണ്ട്.<br><br>തൊഴിലാളി-തൊഴിലുടമ നൽകിവരുന്ന അംശദായത്തിൽ നിന്നും സ്ഥിരനിക്ഷേപങ്ങളിന്മേൽ ലഭിക്കുന്ന പലിശയിൽനിന്നുമാണ് ക്ഷേമനിധി ബോർഡുകൾ വരുമാനം കണ്ടെത്തുന്നതും ഗുണഭോക്താക്കളുടെ പെൻഷനും മറ്റ് ആനുകൂല്യങ്ങളും |

നൽകി വരുന്നതും. ക്ഷേമനിധി ബോർഡുകളിൽ രജിസ്റ്റർ ചെയ്യുന്ന, അസംഘടിത-പരമ്പരാഗത മേഖലയിൽ ഏർപ്പെട്ടിരിക്കുന്ന അംഗങ്ങളുടെ എണ്ണത്തിൽ വന്ന ഇടിവും പെൻഷൻകാരുടെ വർധനവും പരമ്പരാഗത തൊഴിൽ മേഖലകളായ കൈത്തറി, കള്ള് ചെത്ത്, ഈറ്റ, കശുവണ്ടി, ബീഡി പോലെയുള്ള വ്യവസായങ്ങൾ നേരിടുന്ന പ്രതിസന്ധിയും, ബോർഡുകളുടെ വരുമാന മാർഗ്ഗം കുറയുന്നതിന് കാരണമായി. ടി താത്കാലിക പ്രതിസന്ധി മറികടക്കുന്നതിനായി സാമ്പത്തിക പ്രതിസന്ധി നേരിടുന്ന ബോർഡുകളായ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കശുവണ്ടി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള അസംഘടിത തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ബീഡി-ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡ് (സ്കാറ്റേർഡ്), കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്, എന്നിവിടങ്ങളിലെ പെൻഷൻ സോഷ്യൽ സെക്യൂരിറ്റി ലിമിറ്റഡ് മുഖേന സർക്കാർ ഏറ്റെടുത്ത് വിതരണം ചെയ്യുന്നു. ടി ബോർഡുകളിൽ 2025 ഓഗസ്റ്റ് മാസത്തെ പെൻഷൻ കുടിശ്ശികയാണ് .കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡിലെ വരിക്കാരായ തൊഴിലാളികൾക്ക് പെൻഷൻ പദ്ധതി ആവിഷ്കരിച്ചിട്ടില്ല. ബോർഡിന്റെ വെബ് സൈറ്റ് മുഖേന ലഭിക്കുന്ന അപേക്ഷകളിൽ അപാകത ഇല്ലാത്തവർക്ക് എത്രയും വേഗം തന്നെ ആനുകൂല്യങ്ങൾ നൽകി വരുന്നുണ്ട്.

പൂർണ്ണമായും തനതു ഫണ്ടിൽ പ്രവർത്തിക്കുന്ന കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിന്റെ പ്രധാന വരുമാനം തൊഴിലാളികളുടെ അംശാദാ യത്തിലൂടെയും ബിൽഡിംഗ് സെസ്സ് പിരിവിലൂടെയുമാണ് ലഭിക്കുന്നത്. തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പിന്റെ 14.02.2024 ലെ സ.ഉ(കൈ)നം. 23/2024/എൽ.എസ്.ജി. ഡി ഉത്തരവ് (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു) പ്രകാരം ബിൽഡിംഗ് സെസ്സ് പിരിവിന്റെ ചുമതല തദ്ദേശ സ്വയം ഭരണ വകുപ്പിന് നൽകിയിട്ടുണ്ട്. ഒരുമാസം പെൻഷൻ വിതരണത്തിന് മാത്രം ഏകദേശം 62 കോടി രൂപയും മറ്റാനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് ഏകദേശം 10 കോടി രൂപയുമടക്കം 72 കോടി രൂപ ബോർഡിന് പ്രതിമാസം വേണ്ടിവരുന്നതാണ്. ആയതിനാൽ സെസ്

| | | | |
|---|---|---|---|
| | | | പിരിവിലൂടെ ബോർഡിന്റെ വരുമാനത്തിൽ കാലക്രമേണ വർദ്ധനവുണ്ടാകുന്നതും അതിനാൽ തന്നെ പെൻഷൻ അടക്കമുള്ള ആനുകൂല്യങ്ങൾ സമയബന്ധിതമായി വിതരണം ചെയ്യാൻ സാധിക്കുന്നതുമാണ്.<br><br>കൂടാതെ, തൊഴിൽ വകുപ്പിന് കീഴിലുള്ള 16 ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും അംഗങ്ങളുടെ വിവരശേഖരണത്തിനും ഇരട്ട അംഗത്വം ഒഴിവാക്കുന്നതിനും രൂപീകരിച്ചിട്ടുള്ള അഡ്വാൻസ്ഡ് ഇൻഫർമേഷൻ ഇന്റർഫേസ് സിസ്റ്റം സോഫ്റ്റ്‌വെയർ അഥവാ AIIS സോഫ്റ്റ്‌വെയർ മുഖേനെ ആധാർ അധിഷ്ഠിത രജിസ്ട്രേഷൻ നടപ്പാക്കി വരുന്നതിനാൽ ഇരട്ട അംഗത്വം ഒഴിവാകാൻ സാധിക്കുന്നതും അതിലൂടെ അനർഹരെ ഒഴിവാക്കാൻ കഴിയുന്നതും ബോർഡുകളിലൂടെ നൽകി വരുന്ന ആനുകൂല്യ വിതരണം കൂടുതൽ കാര്യക്ഷമമാകുവാനും സാധിക്കുന്നതാണ്. അതിനോടൊപ്പം ബോർഡിലെ അംഗത്വ രജിസ്ട്രേഷൻ വർധിപ്പിക്കുന്നതിനായി മേഖല ഓഫീസ് അടിസ്ഥാനത്തിൽ മെമ്പർഷിപ്പ് ഡ്രൈവുകളും നടത്തി വരുന്നു.<br><br>മറ്റു വിവിധ വകുപ്പുകളുടെ കീഴിൽ പ്രവർത്തിക്കുന്ന 17 ക്ഷേമനിധി ബോർഡുകളെ സംബന്ധിച്ച വിവരം അനുബന്ധം 2 -ൽ ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം - 1**

സർക്കാർ സഹായത്തോടെ സോഷ്യൽ സെക്യൂരിറ്റി ലിമിറ്റഡ് മുഖേന പെൻഷനും മറ്റാനുകൂല്യങ്ങളും വിതരണം ചെയ്യുന്ന ക്ഷേമനിധി ബോർഡുകളായ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കശുവണ്ടി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ഈറ്റ-കാട്ടുവള്ളി-തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള അസംഘടിത തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ബീഡി-ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡ് (സ്റ്റാറ്റേർഡ്), കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവിടങ്ങളിൽ 2025 ഓഗസ്റ്റ് മാസത്തെ പെൻഷൻ മാത്രമാണ് കുടിശ്ശികയായിട്ടുള്ളത്. കേരള കർഷക തൊഴിലാളി ക്ഷേമനിധി പെൻഷൻ, സാമൂഹ്യ സുരക്ഷാ പെൻഷനൊപ്പം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മുഖേനയാണ് വിതരണം ചെയ്യുന്നത്. കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡിൽ നിന്നും തൊഴിലാളികൾക്ക് പെൻഷൻ അനുവദിക്കുന്നില്ല. തനതു ഫണ്ടിൽ നിന്നും പെൻഷനും മറ്റാനുകൂല്യങ്ങളും നൽകിവരുന്ന കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ 2024 ഏപ്രിൽ മാസം വരെയുള്ള പെൻഷനും 2024 മാർച്ച് വരെയുള്ള ആനുകൂല്യങ്ങളും വിതരണം ചെയ്തിട്ടുണ്ട്.

ബോർഡുകളിൽ നിന്നും നൽകിവരുന്ന ആനുകൂല്യങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു :

- കേരള ഈറ്റ കാട്ടുവള്ളി തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള അസംഘടിത തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ബീഡി ചുരുട്ട് തൊഴിലാളിക്ഷേമനിധി ബോർഡ്, കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവിടങ്ങളിൽ കുടിശ്ശികയില്ല.
- കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡ് , കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചെറുകിട

തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ഷോപ്പ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നീ ബോർഡുകളിൽ, മതിയായ രേഖകളോടു കൂടിയ എല്ലാ ആനുകൂല്യ അപേക്ഷകൾക്കും തുക വിതരണം ചെയ്തിട്ടുണ്ട്.

- കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിലെ അംശദായ പെൻഷൻ 2025 ജൂലൈ മാസം വരെയുള്ളത് വിതരണം നടത്തിയിട്ടുണ്ട്. അവശതാ പെൻഷൻ ഇനത്തിൽ, 2022 ഒക്ടോബർ, നവംബർ, ഡിസംബർ, 2023 ജനുവരി മാസങ്ങളിലെ അവശതാ പെൻഷനും 2025 മാർച്ച് മുതൽ 2025 ആഗസ്റ്റ് വരെയുള്ള അവശതാ പെൻഷനും കുടിശ്ശികയുണ്ട്. ബോർഡിൽ നിന്നുള്ള മറ്റ് ആനുകൂല്യങ്ങൾ ഒന്നും തന്നെ കുടിശ്ശികയില്ല.
- കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിൽ 2025 ആഗസ്റ്റ് മാസത്തെ പെൻഷൻ കുടിശ്ശികയാണ്. മറ്റ് ആനുകൂല്യങ്ങളെല്ലാം കുടിശ്ശികയില്ലാതെ നൽകി വരുന്നുണ്ട്.
- കേരള ഹെഡ് ലോഡ് വർക്കേഴ്സ് വെൽഫെയർ ബോർഡ്-
    - അൺ അറ്റാച്ച്ഡ് -വിഭാഗത്തിലെ തൊഴിലാളികളിൽ നിന്നും അപേക്ഷകൾ ലഭ്യമാകുന്ന മുറയ്ക്ക് ആനുകൂല്യങ്ങൾ സമയബന്ധിതമായി തീർപ്പാക്കി വരുന്നു. ആനുകൂല്യ അപേക്ഷകളിൽ കുടിശ്ശിക ഒന്നും തന്നെ നിലവിലില്ല. പെൻഷൻ വിതരണത്തിൽ കുടിശ്ശിക ഒന്നുമില്ല.
    - സ്കാറ്റേർഡ് - കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ് സ്കാറ്റേർഡ് വിഭാഗം പെൻഷൻ ഗുണഭോക്താക്കൾക്ക് 2025 ജൂലൈ മാസം വരെയുള്ള പെൻഷൻ തുക പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ട്. 2025 ആഗസ്റ്റ് മാസത്തെ പെൻഷൻ തുക മാത്രമാണ് നിലവിൽ കുടിശ്ശികയുള്ളത്. ആയത് സർക്കാർ ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് വിതരണം നടത്തുന്നതാണ്.
    - അറ്റാച്ച്ഡ് - വിഭാഗം തൊഴിലാളികൾക്ക് നിലവിൽ പെൻഷൻ നൽകുന്നില്ല.

- കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷ ബോർഡിൽ തനത് ഫണ്ടിൽ വിതരണം ചെയ്യുന്ന അവശതപെൻഷൻ 2025 ആഗസ്റ്റ് മാസം വരെയും പദ്ധതി മുഖേന വിതരണം ചെയ്യുന്ന മറ്റ് ആനുകൂല്യങ്ങൾ 2025 ജൂലൈ മാസം വരെയും വിതരണം ചെയ്തിട്ടുണ്ട്.
- കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ അധിവർഷാനുകൂല്യ ഇനത്തിലാണ് കുടിശ്ശിക നിലനിൽക്കുന്നത്. 2018 മാർച്ച് വരെയുള്ള അധിവർഷാനുകൂല്യ അപേക്ഷകൾക്ക് ആനുകൂല്യം വിതരണം ചെയ്യുവാൻ സാധിച്ചിട്ടുണ്ട്. മറ്റു ആനുകൂല്യങ്ങൾ അപേക്ഷ ലഭ്യമാകുന്ന മുറയ്ക്ക് തന്നെ വിതരണം ചെയ്യുന്നതിനും സാധിച്ചിട്ടുണ്ട്.

**മറ്റ് വിവിധ വകുപ്പുകളുടെ കീഴിൽ പ്രവർത്തിച്ചു വരുന്ന 17 ക്ഷേമനിധി ബോർഡുകളുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.**

1. കേരള റേഷൻ വ്യാപാരി ക്ഷേമനിധി

കേരള റേഷൻ വ്യാപാരി ക്ഷേമനിധിയിൽ നിന്ന് മുൻകാലങ്ങളിൽ പെൻഷൻ അനുവദിച്ച് ലഭ്യമായി വന്നിരുന്ന പെൻഷണേഴ്സിന് മുടക്കമില്ലാതെ, നിലവിലും പെൻഷൻ തുക വിതരണം ചെയ്തു വരുന്നുണ്ട്. എന്നാൽ 85-ാമത് മാനേജിംഗ് കമ്മിറ്റിയ്ക്ക് ശേഷം പാസാക്കിയ പെൻഷൻ അപേക്ഷകളിലേക്ക് ഫണ്ടിന്റെ അപര്യാപ്തത മൂലം തുക അനുവദിക്കാൻ കഴിഞ്ഞിട്ടില്ല. കൂടാതെ ഫണ്ടിന്റെ അപര്യാപ്തത മൂലം അംശദായം തിരികെ അനുവദിക്കൽ, മരണാന്തര ധനസഹായം, തുടങ്ങിയ ആനുകൂല്യങ്ങളും വിതരണം ചെയ്യുന്നതിൽ രണ്ട് കോടിയോളം രൂപ കുടിശ്ശിക വന്നിട്ടുണ്ട്.

2. കേരള മദ്രസ ടീച്ചേഴ്സ് ക്ഷേമനിധി ബോർഡ്

കേരള മദ്രസ അധ്യാപക ക്ഷേമനിധി ബോർഡ് മുഖേന നൽകി വരുന്ന പെൻഷൻ അടക്കമുള്ള ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിൽ കുടിശ്ശിക ഇല്ല.

3. കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡിൽ പെൻഷൻ നൽകുന്നതിന് കുറഞ്ഞത് 10 വർഷം അംശദായം അടയ്ക്കേണ്ടതുണ്ട്. ക്ഷേമനിധി രജിസ്ട്രേഷൻ ആരംഭിച്ചത് 2025 ഏപ്രിൽ മുതലായതിനാൽ പെൻഷൻ നൽകേണ്ടുന്ന സമയം ആയിട്ടില്ല. ഇത് ആകുന്ന മുറയ്ക്ക് പെൻഷൻ നിശ്ചയിച്ച് സർക്കാർ അംഗീകാരത്തോടെ പെൻഷൻ നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

4. കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ്

കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡിൽ പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നില്ല.

5. കേരള ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡിൽ പെൻഷനും മറ്റ് ആനുകൂല്യങ്ങളും വിതരണം ചെയ്യുന്നതിൽ കുടിശ്ശിക ഇല്ല.

6. കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ്

കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിൽ നിന്നും 2025 ജൂലൈ മാസം വരെയുള്ള സൂപ്പറാന്വേഷൻ പെൻഷനും, കുടുംബ പെൻഷനും, അവശതാ പെൻഷനും 2025 ആഗസ്റ്റ് മാസം വരെയുള്ള മറ്റ് ആനുകൂല്യങ്ങൾക്കായി (ചികിത്സാ ധനസഹായം, മരണാനന്തര ധനസഹായം, വിവാഹ ധനസഹായം) ലഭിച്ച അപേക്ഷകൾക്കുള്ള ധനസഹായങ്ങളും അനുവദിച്ച് വിതരണം നടത്തിയിട്ടുണ്ട്. 2025 ആഗസ്റ്റ് മാസത്തെ പെൻഷൻ സെപ്റ്റംബർ മാസത്തിൽ വിതരണം ചെയ്യുന്നതാണ്.

7. കേരള ക്ഷീര കർഷക ക്ഷേമനിധി ബോർഡ്

കേരള ക്ഷീര കർഷക ക്ഷേമനിധി ബോർഡിൽ സർക്കാർ ധനസഹായത്തോടുകൂടി അനുവദിച്ചു വരുന്ന ക്ഷീരകർഷക ക്ഷേമനിധി ബോർഡ് പെൻഷൻ 2025 ജൂലൈ മാസം വരെ അനുവദിച്ചിട്ടുണ്ട്. ക്ഷേമനിധിയുടെ വിഹിതമായ 300/- രൂപയും സർക്കാർ വിഹിതമായ 1,300/- രൂപയും ഉൾപ്പെടുത്തി 1600/- രൂപ നിരക്കിലാണ് പെൻഷൻ അനുവദിച്ചു വരുന്നത്. നിലവിൽ 2025 ആഗസ്റ്റ് മാസത്തെ സർക്കാർ വിഹിതം ലഭിക്കാനുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ക്ഷേമനിധി പെൻഷൻ അനുവദിക്കുന്നതാണ്. ക്ഷേമനിധിയുടെ മറ്റ് ആനുകൂല്യങ്ങൾ എല്ലാം അപേക്ഷകൾ ലഭ്യമാകുന്ന മുറയ്ക്ക് അനുവദിച്ചു വരുന്നു. പെൻഷൻ ഒഴികെയുള്ള എല്ലാ ആനുകൂല്യങ്ങളും കുടിശ്ശിക ഇല്ലാതെ തന്നെ നൽകുന്നു.

8. കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേനയുള്ള പെൻഷൻ 2025 ആഗസ്റ്റ് , സെപ്റ്റംബർ മാസങ്ങളിൽ കുടിശ്ശികയാണ്. തൊഴിലാളികൾക്കുള്ള ക്ഷേമനിധി ആനുകൂല്യങ്ങൾ 01/01/2025 മുതലുള്ളവ കുടിശ്ശികയാണ്.

9. കേരള സ്റ്റേറ്റ് കോ- ഓപ്പറേറ്റീവ് എംപ്ലോയീസ് വെൽഫയർ ബോർഡ്

കേരള സ്റ്റേറ്റ് കോ- ഓപ്പറേറ്റീവ് എംപ്ലോയീസ് വെൽഫയർ ബോർഡിൽ അംഗങ്ങളായ സഹകരണ സംഘം ജീവനക്കാർക്ക് നൽകിവരുന്ന വിവിധ ക്ഷേമാനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിൽ കുടിശ്ശിക വന്നിട്ടില്ലെന്നും പെൻഷൻ ഈ ബോർഡിൽ നിന്നും നൽകുന്നില്ലെന്നും അറിയിക്കുന്നു.

10. കേരള അങ്കണവാടി വർക്കേഴ്സ് ആന്റ് ഹെൽപ്പേഴ്സ് ക്ഷേമനിധി ബോർഡ്

കേരള അങ്കണവാടി വർക്കേഴ്സ് ആന്റ് ഹെൽപ്പേഴ്സ് ക്ഷേമനിധി ബോർഡിൽ നിന്നും 2024 -25 വർഷം വിരമിച്ച പ്രവർത്തകർക്ക് ക്ഷേമനിധി ആനുകൂല്യം, വിരമിക്കൽ ആനുകൂല്യം അനുവദിച്ച് നൽകുന്നതിൽ കുടിശ്ശിക വന്നിട്ടുണ്ട്.

11. <u>കേരള അഡ്വക്കേറ്റ് ക്ലാർക്ക് ക്ഷേമനിധി കമ്മിറ്റി</u>

കേരള അഡ്വക്കേറ്റ് ക്ലാർക്ക് ക്ഷേമനിധി പെൻഷനും മറ്റ് ആനുകൂല്യങ്ങളും വിതരണം ചെയ്യുന്നതിൽ കുടിശ്ശിക വന്നിട്ടില്ല.

12. <u>കേരള മത്സ്യ തൊഴിലാളി ക്ഷേമനിധി ബോർഡ്</u>

കേരള മത്സ്യ തൊഴിലാളി - അനുബന്ധ തൊഴിലാളി വാർദ്ധക്യകാല പെൻഷൻ 2025 ആഗസ്റ്റ് മാസത്തിലെയും മത്സ്യതൊഴിലാളി - വിധവ പെൻഷൻ 2025 ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെയുമാണ് നിലവിൽ കുടിശ്ശികയായിട്ടുള്ളത്.

13. <u>കേരള വ്യാപാരി ക്ഷേമബോർഡ്</u>

കേരള വ്യാപാരി ക്ഷേമബോർഡിൽ നിന്നും വിതരണം ചെയ്യുന്ന പെൻഷനിലും മറ്റ് ആനുകൂല്യങ്ങളിലും നിലവിൽ കുടിശ്ശിക വന്നിട്ടില്ല.

14. <u>കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വിൽപനക്കാരുടെയും ക്ഷേമനിധി ബോർഡ്</u>

കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വിൽപനക്കാരുടെയും ക്ഷേമനിധി ബോർഡിൽ പെൻഷൻകാർക്ക് പെൻഷൻ വിതരണം ചെയ്യുന്നതിനായി സർക്കാരിൽ നിന്നും തുക ലഭ്യമാകുന്നതിനനുസരിച്ച് വിതരണം നടത്തി വരുന്നു. നിലവിൽ ജൂലൈ മാസം വരെയുള്ള പെൻഷൻ വിതരണം ചെയ്തിട്ടുണ്ട്. ബോർഡ് മുഖേന നൽകിവരുന്ന മറ്റ് ആനുകൂല്യങ്ങൾ, അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് യഥാസമയം അനുവദിച്ച നൽകുന്നു.

15. <u>കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ്</u>

കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡിൽ നിന്നും പ്രതിമാസ പെൻഷനും മറ്റ് ആനുകൂല്യങ്ങളും വിതരണം ചെയ്യുന്നതിൽ നാളിതുവരെ കുടിശ്ശിക വന്നിട്ടില്ല.

16. <u>കേരള ആധാരമെഴുത്തുകാരുടെയും, പകർപ്പെഴുത്തുകാരുടെയും, സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ബോർഡ്</u>

കേരള ആധാരമെഴുത്തുകാരുടെയും, പകർപ്പെഴുത്തുകാരുടെയും, സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ബോർഡിൽ പെൻഷനും മറ്റാനുകൂല്യങ്ങളും വിതരണം ചെയ്യുന്നതിൽ ക്രമം പ്രകാരമുള്ള അപേക്ഷകളിൽ നാളിതുവരെ കുടിശ്ശിക ഒന്നും തന്നെ വന്നിട്ടില്ല.

17. <u>കേരള കർഷക ക്ഷേമനിധി ബോർഡ്</u>

കേരള കർഷക ക്ഷേമനിധി പദ്ധതിയിൽ ചേർന്ന് 5 വർഷത്തിൽ കുറയാതെ അംശദായം അടയ്ക്കുന്ന അംഗങ്ങൾക്കാണ് ആക്റ്റ് പ്രകാരം അർഹതയുള്ളത്. പദ്ധതിയിലേയ്ക്കുള്ള അംഗത്വ രജിസ്ട്രേഷൻ ആരംഭിച്ചിട്ടുള്ളത് 01/12/2021 മുതലാണ്. പദ്ധതിയിൽ ചേർന്ന് 5 വർഷം പൂർത്തീകരിക്കാത്തതിനാൽ അംഗങ്ങൾക്ക് പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ വിതരണം ചെയ്യാറായിട്ടില്ല.

സെക്ഷൻ ഓഫീസർ

**അനുബന്ധം- 2**

മറ്റ് വിവിധ വകുപ്പുകളുടെ കീഴിൽ പ്രവർത്തിച്ചു വരുന്ന 17 ക്ഷേമനിധി ബോർഡുകളുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. കേരള റേഷൻ വ്യാപാരി ക്ഷേമനിധി

കേരള റേഷൻ വ്യാപാരി ക്ഷേമനിധി തനത് ഫണ്ടിൽ പ്രവർത്തിക്കുന്ന ക്ഷേമനിധിയാണ്. കാലാന്തരത്തിൽ പെൻഷണേഴ്സിന്റെ എണ്ണം കൂടിയതും, വിരമിച്ച അംഗങ്ങൾക്ക് അടവാക്കിയ തുക റീഫണ്ട് ചെയ്ത് നൽകുന്നതിനാലും ഉണ്ടായ ചെലവിന് ആനുപാതികമായി വരവിനത്തിൽ വർദ്ധനവ് ഉണ്ടാകാത്തതിനാൽ അംഗങ്ങൾക്ക് ആനുകൂല്യങ്ങൾ അനുവദിക്കുന്നതിൽ പ്രതിസന്ധി ഉണ്ടായിട്ടുണ്ട്.

തനത് ഫണ്ടിൽ പ്രവർത്തിക്കുന്ന കേരള റേഷൻ വ്യാപാരി ക്ഷേമനിധി വരവിനത്തിൽ വർദ്ധനവ് വരുത്തുന്നതിലേക്കുള്ള നടപടികൾ പരിശോധിച്ചു വരുന്നു.

2. കേരള മദ്രസ ടീച്ചേഴ്സ് ക്ഷേമനിധി ബോർഡ്

കേരള മദ്രസ അധ്യാപക ക്ഷേമനിധി ബോർഡ് മുഖേന നൽകി വരുന്ന പെൻഷൻ അടക്കമുള്ള ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിൽ കുടിശ്ശിക ഇല്ല.

3. കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡിൽ പെൻഷൻ നൽകുന്നതിന് കുറഞ്ഞത് 10 വർഷം അംശദായം അടയ്ക്കേണ്ടതുണ്ട്. ക്ഷേമനിധി രജിസ്ട്രേഷൻ ആരംഭിച്ചത് 2025 ഏപ്രിൽ മുതലായതിനാൽ പെൻഷൻ നൽകേണ്ടുന്ന സമയം ആയിട്ടില്ല. ഇത് ആകുന്ന മുറയ്ക്ക് പെൻഷൻ നിശ്ചയിച്ച് സർക്കാർ അംഗീകാരത്തോടെ പെൻഷൻ നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

4. കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ്

കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡിൽ പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നില്ല.

5. <u>കേരള ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡ്</u>

കേരള ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിലവിൽ കുടിശ്ശിക ഇല്ലാതെ പെൻഷനും മറ്റാനുകൂല്യങ്ങളും വിതരണം ചെയ്യുന്നുണ്ട്.

6. <u>കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ്</u>

കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിൽ അംഗങ്ങളിൽ നിന്നും ലഭിക്കുന്ന അംശദായവും, സിനിമ ടിക്കറ്റിൽ നിന്നും ലഭിക്കുന്ന സെസ്സും ആണ് വരുമാന മാർഗ്ഗം. തനതു ഫണ്ടിൽ നിന്നുമാണ് പെൻഷനും ആനുകൂല്യങ്ങളും അനുവദിക്കുന്നത്. ഈ ക്ഷേമനിധി ബോർഡിൽ നിന്നും 2025 ജൂലൈ മാസം വരെയുള്ള പെൻഷനും മറ്റ് ആനുകൂല്യങ്ങളും അനുവദിച്ച് വിതരണം നടത്തിയിട്ടുണ്ട്. 2025 ആഗസ്റ്റ് മാസത്തെ പെൻഷൻ സെപ്റ്റംബർ മാസത്തിൽ വിതരണം ചെയ്യുന്നതാണ്.

നിലവിലെ സ്ഥിതിയിൽ വരുന്ന മാസങ്ങളിലും ക്ഷേമനിധി ബോർഡിന് തനതു വരുമാനത്തിൽ നിന്നും പെൻഷനും മറ്റ് ആനുകൂല്യങ്ങളും മുടക്കം കൂടാതെ നൽകാൻ കഴിയും.

7. <u>കേരള ക്ഷീര കർഷക ക്ഷേമനിധി ബോർഡ്</u>

കേരള ക്ഷീര കർഷക ക്ഷേമനിധി ബോർഡിൽ സർക്കാർ ധനസഹായത്തോടുകൂടിയും ക്ഷേമനിധി വിഹിതവും കൂടി ഉൾപ്പെടുത്തി ക്ഷീരകർഷക ക്ഷേമനിധി പെൻഷൻ വിതരണം ചെയ്യുന്നു. പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട് ക്ഷീരകർഷക ക്ഷേമനിധിയുടെ ഭാഗത്തു നിന്നും യാതൊരു കാലതാമസവും ഉണ്ടായിട്ടില്ല.

കേരള ക്ഷീര കർഷക ക്ഷേമനിധി ബോർഡിൽ 14 ജില്ലകളിൽ നിന്നുള്ള ക്ഷീരകർഷകർ ക്ഷീരജാലകം സോഫ്റ്റ് വെയർ മുഖേന ഓൺലൈനായി സമർപ്പിക്കുന്ന അപേക്ഷകൾ സംഘം/ബ്ലോക്ക്/ജില്ലാ എന്നീ തലങ്ങളിൽ വിശദമായ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കുന്നതിന് ക്ഷേമനിധി ഹെഡ് ഓഫീസിൽ നിന്ന് വിവിധ തലങ്ങളിലെ എല്ലാ ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ സമർപ്പിക്കപ്പെടുന്ന അപേക്ഷകൾ ഹെഡ് ഓഫീസിൽ എത്തുന്ന മുറയ്ക്ക്

അന്തിമ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കി അർഹരായ കർഷകർക്ക് താമസംവിനാ ധനസഹായം നൽകി വരുന്നു.

8. <u>കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡ്</u>

കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേനയുള്ള പെൻഷൻ പൂർണ്ണമായും സർക്കാർ ഗ്രാന്റ് ഉപയോഗിച്ചാണ് വിതരണം ചെയ്യുന്നത്.

കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേനയുള്ള പെൻഷൻ നൽകുന്നതിനുള്ള മുഴുവൻ തുകയും തൊഴിലാളികൾക്ക് മറ്റാനുകൂല്യങ്ങൾ നൽകുന്നതിനായി മാച്ചിംഗ് ഗ്രാന്റ് കൂടാതെ പ്രത്യേക അഡ്മിനിസ്ട്രേഷൻ ഗ്രാന്റും സർക്കാർ അനുവദിച്ച നൽകിയിട്ടുണ്ട്.

9. <u>കേരള സ്റ്റേറ്റ് കോ- ഓപ്പറേറ്റീവ് എംപ്ലോയീസ് വെൽഫയർ ബോർഡ്</u>

കേരള സ്റ്റേറ്റ് കോ- ഓപ്പറേറ്റീവ് എംപ്ലോയീസ് വെൽഫയർ ബോർഡിൽ അംഗങ്ങളായ സഹകരണ സംഘം ജീവനക്കാർക്ക് നൽകിവരുന്ന വിവിധ ക്ഷേമാനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിൽ കുടിശ്ശിക വന്നിട്ടില്ല. കൂടാതെ ഈ ബോർഡിൽ നിന്നും പെൻഷൻ നൽകുന്നില്ല.

10. <u>കേരള അങ്കണവാടി വർക്കേഴ്സ് ആന്റ് ഹെൽപ്പേഴ്സ് ക്ഷേമനിധി ബോർഡ്</u>

അങ്കണവാടി ക്ഷേമനിധി ബോർഡിന് പ്രതിമാസം ക്ഷേമനിധി വിഹിതമായി 2,15,00,000/-രൂപ വരുമാനം ലഭിക്കുമ്പോൾ ഒരുമാസം പെൻഷൻ നൽകുന്നതിനു മാത്രമായി 4,25,67,000/-രൂപ ശരാശരി ചെലവാകുന്നുണ്ട്. ആയതിനാൽ നിലവിൽ പ്രതിമാസം 2,10,67,000/- രൂപ (ഒരു വർഷം 25.28 കോടി) അധികമായി കണ്ടെത്തേണ്ട സാഹചര്യമാണ് നിലവിലുള്ളത്. അംഗങ്ങളുടെ വിഹിതവും, 20% സർക്കാർ വിഹിതവും,സ്ഥിര നിക്ഷേപങ്ങളിന്മേൽ ലഭിക്കുന്ന പലിശയും ഉപയോഗിച്ചാണ് നിലവിൽ പെൻഷൻ നൽകിവരുന്നത്. രണ്ടു മാസം ലഭിക്കുന്ന വരവുകളിൽ നിന്നുമാണ് ഒരുമാസത്തെ പെൻഷൻ അനുവദിച്ച വരുന്നത്. ആയതുകൊണ്ടാണ് യഥാസമയം പെൻഷനും ആനുകൂല്യങ്ങളും അനുവദിക്കാൻ കഴിയാതെ പോകുന്നത്.

അങ്കണവാടി വർക്കർ /ഹെൽപ്പർ ആയി 10 വർഷമോ അതിൽ കൂടുതലോ ജോലി ചെയ്തവരും 62 വയസ് തികയുന്ന ദിവസം സർവീസിൽ ഉള്ളവർക്കും, ക്ഷേമ നിധി വിഹിതം ഒടുക്കുന്നതിൽ മുടക്കം വരുത്താത്തവർക്കും പ്രതിമാസ പെൻഷന് അർഹതയുണ്ടായിരിക്കും. വർക്കർമാർക്ക് 2500/-രൂപയും ഹെൽപ്പർമാർക്ക് 1500/-രൂപയും പ്രതിമാസ പെൻഷൻ നൽകി വരുന്നു അങ്കണവാടിയിൽ നിന്നും വിരമിക്കുന്ന ജീവനക്കാർക്ക് അങ്കണവാടി ക്ഷേമനിധി ബോർഡിൽ നിന്നും അവർ ക്ഷേമ നിധിയിലേക്ക് അടച്ച തുകയും, അടച്ച തുകയുടെ 8% പലിശയും 20% സർക്കാർ വിഹിതവും ചേർന്ന ആകെ തുക ക്ഷേമ നിധി അനുകൂല്യമായും സ.ഉ (എം.സ് ) നം.04/2015/ സാനിവാ തീയതി 17/01/2015) ഉത്തരവ് പ്രകാരം അങ്കണവാടി വർക്കർക്ക് 15,000/- രൂപയും, ഹെൽപ്പർക്ക് 10,000/-രൂപയും വിരമിക്കൽ അനുകൂല്യമായി നൽകി വരുന്നുണ്ട്.

2024-2025 സാമ്പത്തിക വർഷം ബഹു മുഖ്യമന്ത്രിയുടെ Rule (300) പ്രകാരം 10,00,00,000/- പെൻഷൻ നല്കുന്നതിനായി അധിക ധനസഹായമായി അനുവദിച്ചിരുന്ന ആയതു ഉപയോഗിച്ച് നിലവിലുണ്ടായിരുന്ന പെൻഷൻ കുടിശ്ശിക പരിഹരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. 2023, 2024, 2025 വർഷം വിരമിച്ച പ്രവർത്തകർക്ക് ക്ഷേമനിധി ആനുകൂല്യം, വിരമിക്കൽ ആനുകൂല്യം എന്നിവ കുടിശ്ശിക ആയിട്ടുള്ള സാഹചര്യത്തിൽ സ.ഉ. (സാധാ) നം 392/2025/WCDD തീയതി 30/08/2025 ഉത്തരവ് പ്രകാരം 12.32 കോടിരൂപ അധിക ധനസഹായമായി അനുവദിച്ചിട്ടുണ്ട്. ആയതു ഉപയോഗിച്ച് 2,02,306 വിരമിച്ച പ്രവർത്തകർക്ക് ക്ഷേമ നിധി ആനുകൂല്യം, വിരമിക്കൽ ആനുകൂല്യം എന്നിവ അനുവദിച്ചു വരുന്നു.

കേരള ഹെൽപ്പർമാരുടെയും അങ്കണവാടി വർക്കർമാരുടെയും ക്ഷേനിധി ബോർഡിൽ നിന്നും പെൻഷനും മറ്റു ആനുകൂല്യങ്ങളും തടസ്സം കൂടാതെ വിതരണം ചെയ്യുന്നതിനും ബോർഡിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്ന വിഷയം പഠിക്കുന്നതിനുമായി വനിതാ ശിശു വികസന ഡയറക്ടർ ചെയർപേഴ്സൺ ആയ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട് ആയതിന്റെ രണ്ടു യോഗങ്ങൾ കേരള അങ്കണവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും സംഘടനകളുടെ പ്രതിനിധികളുമായി ചേർന്നിട്ടുള്ളതുമാണ് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് വേണ്ട നടപടികൾ സ്വീകരിക്കുന്നതുമാണ്.

11. കേരള അഡ്വക്കേറ്റ് ക്ലാർക്ക് ക്ഷേമനിധി കമ്മിറ്റി

കേരള അഡ്വക്കേറ്റ് ക്ലാർക്ക് ക്ഷേമനിധിയിൽ പെൻഷൻ കുടിശ്ശിക ഇല്ല. മസ്റ്ററിംഗ് പൂർത്തീകരിച്ചവർക്കും സേവന സോഫ്റ്റ് വെയറിൽ ആധാർ വിവരം ഉൾപ്പെടുത്തിയവർക്കും പെൻഷൻ തടസ്സം കൂടാതെ വിതരണം ചെയ്തു വരുന്നുണ്ട്.

12. കേരള മത്സ്യ തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള മത്സ്യ തൊഴിലാളി ക്ഷേമനിധി ബോർഡിൽ മത്സ്യതൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ആകെയുള്ള വരുമാന മാർഗ്ഗം തൊഴിലാളികളിൽ നിന്നും ലഭിക്കുന്ന അംശദായം മാത്രമാണ്. ആയത് ബോർഡിന്റെ തനത് ക്ഷേമപദ്ധതികൾ പോലും നിർവ്വഹിക്കാൻ അപര്യാപ്തമായതുകൊണ്ടാണ് ക്ഷേമ പെൻഷൻ വിതരണം നടത്തുന്നതിന് സർക്കാർ സഹായം തേടേണ്ടി വരുന്നത്. സർക്കാരിൽ നിന്ന് ഫണ്ട് നൽകുന്ന മുറയ്ക്ക് കൃത്യമായി തന്നെ പെൻഷൻ വിതരണം നടത്തുന്നുണ്ട്.

13. കേരള വ്യാപാരി ക്ഷേമബോർഡ്

കേരള വ്യാപാരി ക്ഷേമ ബോർഡ് അംഗങ്ങളിൽ നിന്ന് അംശദായവും സർക്കാർ സഹായവും സ്വീകരിച്ച് പ്രവർത്തിച്ച് വരുന്നതിനാൽ പെൻഷൻ കുടിശ്ശികയില്ലാതെ വിതരണം ചെയ്തു വരുന്നു.

14. കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വിൽപനക്കാരുടെയും ക്ഷേമനിധി ബോർഡ്

കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വിൽപനക്കാരുടെയും ക്ഷേമനിധി ബോർഡിൽ പെൻഷൻകാർക്ക് പെൻഷൻ വിതരണം സർക്കാരിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് താമസംവിനാ വിതരണം ചെയ്തിട്ടുണ്ട്.

15. കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ്

കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡിൽ നിന്നും പ്രതിമാസ പെൻഷനും മറ്റ് ആനുകൂല്യങ്ങളും വിതരണം ചെയ്യുന്നതിൽ നാളിതുവരെ കുടിശ്ശിക വന്നിട്ടില്ല.

കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡിൽ അംശദായ അടവിൽ കുടിശ്ശിക വരുത്തിയിട്ടുള്ള അംഗങ്ങളിൽ നിന്നും കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിനായി ജില്ലാതലത്തിൽ അദാലത്തുകൾ സംഘടിപ്പിക്കുന്നുണ്ട്. മറ്റ് മാർഗ്ഗങ്ങളിൽ കൂടി ബോർഡിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി കൈക്കൊള്ളുന്നതാണ്.

16. <u>കേരള ആധാരമെഴുത്തുകാരുടെയും, പകർപ്പെഴുത്തുകാരുടെയും, സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ബോർഡ്</u>

കേരള ആധാരമെഴുത്തുകാരുടെയും, പകർപ്പെഴുത്തുകാരുടെയും, സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ബോർഡിൽ പെൻഷനും മറ്റാനുകൂല്യങ്ങളും വിതരണം ചെയ്യുന്നതിൽ ക്രമം പ്രകാരമുള്ള അപേക്ഷകളിൽ നാളിതുവരെ കുടിശ്ശിക ഒന്നും തന്നെ വന്നിട്ടില്ല.

17. <u>കേരള കർഷക ക്ഷേമനിധി ബോർഡ്</u>

കേരള കർഷക ക്ഷേമനിധി പദ്ധതിയിൽ ചേർന്ന് 5 വർഷത്തിൽ കുറയാതെ അംശദായം അടയ്ക്കുന്ന അംഗങ്ങൾക്കാണ് ആക്റ്റ് പ്രകാരം അർഹതയുള്ളത്. പദ്ധതിയിലേയ്ക്കുള്ള അംഗത്വ രജിസ്ട്രേഷൻ ആരംഭിച്ചിട്ടുള്ളത് 01/12/2021 മുതലാണ്. പദ്ധതിയിൽ ചേർന്ന് 5 വർഷം പൂർത്തീകരിക്കാത്തതിനാൽ അംഗങ്ങൾക്ക് പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ വിതരണം ചെയ്യാറായിട്ടില്ല.

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ്-കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി സെസ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന പിരിച്ചെടുക്കുന്നതിനു അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ.(കൈ) നം.23/2024/LSGD തീയതി,തിരുവനന്തപുരം, 14-02-2024

---

പരാമർശം:-
1. കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ വർക്കേഴ്സ് ഫെഡറേഷൻ (CITU) സ്റ്റേറ്റ് കമ്മിറ്റി സമർപ്പിച്ച നിവേദനം.
2. ബഹു. മുഖ്യ മന്ത്രിയുടെ അധ്യക്ഷതയിൽ, ബഹു. തദ്ദേശ സ്വയംഭരണ/തൊഴിൽ വകുപ്പ് മന്ത്രിമാരുടെ സാന്നിധ്യത്തിൽ 15.01.2024-ൽ നടന്ന ഉന്നത തല യോഗത്തിന്റെ നടപടിക്കുറിപ്പ്.

<u>ഉത്തരവ്</u>

കെട്ടിട നിർമാണ തൊഴിലാളി ക്ഷേമ ബോർഡ് നേരിടുന്ന കടുത്ത സാമ്പത്തിക പ്രതിസന്ധി പരിഹരിക്കപ്പെടുന്നതിലേക്കായി, 1996-ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ്സ് നിയമവും (28-ാം നമ്പർ കേന്ദ്രനിയമം) 1998-ലെ കേന്ദ്ര ചട്ടങ്ങളും പ്രകാരം തൊഴിൽ വകുപ്പു മുഖേന പിരിച്ചു വന്നിരുന്ന സെസ് ഇനി മുതൽ തദ്ദേശ സ്വയംഭരണ വകുപ്പ് വഴി പിരിച്ചെടുക്കുന്നതിനു നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് പരാമർശം (1) പ്രകാരം കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ വർക്കേഴ്സ് ഫെഡറേഷൻ (CITU) സ്റ്റേറ്റ് കമ്മിറ്റി സർക്കാരിൽ നിവേദനം സമർപ്പിച്ചിരുന്നു.

2) മേൽ വിഷയം പരാമർശം (2) പ്രകാരം നടന്ന ഉന്നത തല യോഗം ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി സെസ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന പിരിച്ചെടുക്കുന്നതിന് അനുമതി നൽകി കൊണ്ടും, ഇതിലേക്കായി ചുവടെ ചേർത്തിട്ടുള്ള മാർഗ്ഗ നിർദേശങ്ങൾ പുറപ്പെടുവിച്ചു കൊണ്ടും ഉത്തരവാകുന്നു.

I. സംസ്ഥാനത്തെമുഴുവൻ മുനിസിപ്പാലിറ്റികളിലും/കോർപ്പറേഷനുകളിലും 1996-ലെ ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ് നിയമവും (28-ാം നമ്പർ കേന്ദ്രനിയമം) 1998-ലെ കേന്ദ്ര ചട്ടങ്ങളും പ്രകാരമുള്ള സെസ് പിരിവ് 16.01.2024 തീയതി മുതൽ നടപ്പിലാക്കേണ്ടതാണ്.

II. സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും 1996-ലെ ബിൽഡിംഗ് ആന്റ് അദർ

കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ്സ് നിയമവും (28-ാം നമ്പർ കേന്ദ്രനിയമം) 1998-ലെ കേന്ദ്ര ചട്ടങ്ങളും പ്രകാരമുള്ള സെസ് പിരിവു 2024 ഏപ്രിൽ മുതൽ നടപ്പിലാക്കേണ്ടതാണ്.

III. 1996-ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ്സ് നിയമവും (28-ാം നമ്പർ കേന്ദ്രനിയമം) 1998-ലെ കേന്ദ്ര ചട്ടങ്ങളും പ്രകാരമുള്ള സെസ് പിരിവു പൂർണമായും, ഒറ്റ ഘട്ടമായി, ഒക്യുപെൻസി സർട്ടിഫിക്കറ്റ് നൽകുന്നതിന് മുൻപ് തന്നെ പിരിച്ചെടുക്കേണ്ടതാണ്.

IV. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സോഫ്റ്റ്‌വെയറായ കെ-സ്മാർട്ടിൽ സെസ് പിരിക്കുന്നതിനാവശ്യമായ മൊഡ്യൂൾ തീരുമാനിക്കുന്നതിന് ഇൻഫർമേഷൻ കേരളാ മിഷനെ ചുമതലപ്പെടുത്തുന്നു.

V. ഒക്യുപെൻസി സർട്ടിഫിക്കറ്റ് നൽകുന്നതിന് മുമ്പ് ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ് അടച്ചു എന്ന് ബന്ധപ്പെട്ട സെക്രട്ടറിമാർ ഉറപ്പാക്കേണ്ടതാണ്.

3) 1996-ലെ ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ് ആക്റ്റ് പ്രകാരം സെസ് ഇനത്തിൽ പിരിച്ചെടുക്കുന്ന തുകയുടെ 1% കളക്ഷൻ ചാർജായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഈടാക്കുന്നതാണ് .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഗീതാലക്ഷ്മി എം ബി
അഡിഷണൽ സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
2. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന മേധാവികൾക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
3. ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം.
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I/ഓഡിറ്റ്II), കേരള, തിരുവനന്തപുരം.
5. ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.
6. തൊഴിലും നൈപുണ്യവും വകുപ്പ്.
7. തദ്ദേശ സ്വയംഭരണ (ആർ.എ)/(ആർ.ബി)/(ആർ.ഡി)/(ഇ.ജി) വകുപ്പ്.
8. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
9. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.
10. ഐ & പി.ആർ.ഡി (വെബ് & ന്യൂ മീഡിയ)
11. കരുതൽ ഫയൽ/ഓഫീസ് കോപ്പി (തസ്വഭവ-ആർ സി 2/10/2022-തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-

Signed by
Pradeesh M
Date: 14-02-2024 14:31:10

1. ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
2. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
3. ബഹു. തൊഴിലും നൈപുണ്യവും വകുപ്പു മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.